LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ

178 (2811) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്താൻ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിലെ ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഭിന്നശേഷിയുള്ള കുട്ടികൾക്ക് അനുയോജ്യമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ സംസ്ഥാനം പിന്നിലാണെന്ന് റിപ്പോർട്ടുകളുണ്ടോ ;

(സി) ഇത്തരത്തിലുള്ളവർക്കുവേണ്ടി പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഈ പദ്ധതി എന്നുമുതൽ ആരംഭിക്കാൻ കഴിയും ;

(ഡി) അംഗീകാരമുള്ള എത്ര സ്പെഷ്യൽ സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം

179 (2812) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ എത്ര കുട്ടികൾ പരിചരിക്കപ്പെടുന്നു എന്ന് വെളിപ്പെടുത്താമോ ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഇവയ്ക്ക് സ്ഥിരം കെട്ടിടം ഉണ്ടാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ ആകെ 7,99,771 കുട്ടികൾ പരിചരിക്കപ്പെടുന്നു.

(ബി) സംസ്ഥാനത്താകെയായി സ്വന്തമായി കെട്ടിടമില്ലാത്ത 10,165 അംഗൻവാടികൾ നിലവിലുണ്ട്.

(സി) സ്വന്തമായി കെട്ടിടമില്ലാത്തതും എന്നാൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലമുള്ളതുമായ അംഗൻവാടികൾക്ക് സംസ്ഥാന പ്ലാൻ ഫണ്ട്, NABARD, RIDF പദ്ധതി, മാതൃകാ അംഗൻവാടി പദ്ധതി, കേന്ദ്ര ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു.

കില-യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റൽ

180 (2813) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കില-യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രാദേശിക ഭരണത്തെ അടിസ്ഥാനമാക്കി കോഴ്സുകൾ നടത്തുക. പ്രാദേശിക ഭരണം, പ്രാദേശിക വികസനം എന്നീ വിഷയങ്ങളിൽ ഗവേഷണങ്ങൾ നടത്തുകവഴി പ്രാദേശിക ഭരണവും പ്രാദേശിക വികസനവും കൂടുതൽ ഗുണപരതയുള്ളതാക്കി മാറ്റുക എന്നിവയാണ് ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly